## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - മാലൂർ ഗ്രാമപഞ്ചായത്ത് - 2009-10 സാമ്പത്തിക വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ.(സാധാ)നം.906/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി.18.05.2020**

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 14/03/2019 ലെ പി എ എൻ/2724/19/എം3(ഡിപി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12/07/2019 ലെ ഡികെ.എസ്.എ./1358/2019-പി.റ്റി.3 നമ്പർ കത്ത്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10/05/2018 ലെ എ 3/4783/17(2) നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിൽ, രോഗബാധിതമായ കവുങ്ങുകൾ വെട്ടിമാറ്റുന്നതിന് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി, പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതിനാണ്, സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3.14 പ്രകാരം 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) തടസ്സപ്പെടുത്തിയിരിക്കുന്നത്.

**2.** കാർഷിക മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തിവരുന്നവരാണ് ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗമെന്നും കവുങ്ങുകൾക്ക് ഉണ്ടാകുന്ന രോഗം കാരണം നിരവധി കവുങ്ങുകൾ നശിച്ചുപോയെന്നും അക്കാരണത്താൽ കർഷകർ വലിയ തോതിൽ സാമ്പത്തിക പ്രയാസം നേരിടുകയും ചെയ്ത സാഹചര്യത്തിലാണ് കവുങ്ങ് ഒന്നിന് 100/- രൂപ പ്രകാരം വികസനഫണ്ടിൽ നിന്നും അനുവദിച്ചത് എന്നും ആയതിനാൽ ഈ ചെലവിനത്തിൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 50,000/- രൂപയ്ക്ക് സാധൂകരണം നൽകണമെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചന (3) പ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്.

**3.** മാലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02/05/2018 ലെ 13/18 നമ്പർ യോഗതീരുമാനം, ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 40-ാമത് യോഗത്തിന്റെ 8-ാം നമ്പർ തീരുമാനം എന്നിവ സാധൂകരണ അപേക്ഷയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

**4.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശിപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും രോഗവ്യാപനം തടയുക എന്ന

സദുദ്ദേശത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത് എന്നതിനാലും **ഭാവിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവാക്കരുത് എന്ന കർശന ഉപാധിയോടെയും** കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിലെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3.14 പ്രകാരം തടസ്സപ്പെടുത്തിയ 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, മാലൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**